**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2288** **12-02-2024 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി ഗവൺമെൻറ് മെഡിക്കൽ കോളേജിൽ പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി ഗവൺമെൻറ് മെഡിക്കൽ കോളേജിൽ മോർച്ചറിയും അനുബന്ധ സൗകര്യങ്ങളും വിപുലപ്പെടുത്തിയ സാഹചര്യത്തിൽ രാത്രി സമയങ്ങളിൽ പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിൽ മോർച്ചറിയും അനുബന്ധ സൗകര്യങ്ങളും വിപുലപ്പെടുത്തുന്നതിന് എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 25 ലക്ഷം രൂപ വിനിയോഗിച്ച് ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അടിയന്തിര സാഹചര്യങ്ങളിൽ നിലവിലുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി സംശയരഹിതമായ കേസുകളിൽ രാത്രികാല പോസ്റ്റുമോർട്ടം നടത്തി വരുന്നു. |
| (ബി) | മഞ്ചേരി ഗവൺമെൻറ് നഴ്സിംഗ് കോളേജിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | 05/07/2023 തീയതിയിൽ ആരോഗ്യവകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള മഞ്ചേരി ചെരണിയിലെ ടി.ബി.സെന്ററിനോടനുബന്ധിച്ചുള്ള സ്ഥലത്ത് നഴ്സിംഗ് കോളേജിനും, നഴ്സിംഗ് സ്കൂളിനും സംയുക്ത കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സ്ഥലം തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | മഞ്ചേരി നഴ്സിംഗ് സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | മറുപടി ബി പിരിവിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ